പതിനാലാം കേരള നിയമസഭ

**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.** 5794 — 25/05/2017 ൽ മറുപടിക്ക്

**കേരള ആട്ടോമൊബൈൽസ് ലിമിറ്റഡിന്റെ പുനരുദ്ധാരണം**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.എം.വിൻസെന്റ്**<br>**ശ്രീ.വി.എസ്.ശിവകുമാർ**<br>**ശ്രീ. കെ.എസ്.ശബരീനാഥൻ**<br>**ശ്രീ. കെ.മുരളീധരൻ** | **ശ്രീ. എ.സി.മൊയ്തീൻ**<br>**(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)** |
| (എ) കേരള ആട്ടോമൊബൈൽസ് ലിമിറ്റഡിന്റെ പുനരുദ്ധാരണത്തിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (എ) നിലവിലെ ഓട്ടോറിക്ഷ ഉൽപ്പാദനം Bs IV നിബന്ധനകൾക്ക് വിധേയമായി പുന: ക്രമീകരിച്ച് ഉൽപ്പാദനം കൂട്ടാൻ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. ഫാക്ടറിയിലെ മെഷീനറികളുടെ സ്ഥാപിതശേഷി കണക്കിലെടുത്ത് വരുമാനം വർദ്ധിപ്പിക്കുന്നതാണ്.<br>(i) ISRO യ്ക്ക് വേണ്ടി CNC മെഷീനുകൾ ഉപയോഗിച്ച് കരാർ ജോലികൾ വിപുലപ്പെടുത്താൻ വേണ്ട ആധുനിക യന്ത്രസാമഗ്രികൾ വാങ്ങുന്നതിനും, ISRO യുടെ ജോലികൾ ചെയ്യുന്നതിന് പ്രത്യേക വിഭാഗത്തെ ആസൂത്രണം ചെയ്യുവാനും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.<br>(ii) നിലവിലുള്ള പരിശീലന പദ്ധതിയായ KAL Skill Devp. & Research Centre കൂടുതൽ കാര്യക്ഷമമാക്കി പ്രവർത്തിപ്പിയ്ക്കുന്നതാണ്. |
| (ബി) പ്രതിമാസം എത്ര ആട്ടോറിക്ഷകൾ വീതം പുറത്തിറക്കുവാനാണ് തീരുമാനിച്ചിട്ടുള്ളത്; | (ബി) പ്രതിമാസം 125 ആട്ടോറിക്ഷകൾ വീതം പുറത്തിറക്കുവാനാണ് തീരുമാനിച്ചിട്ടുള്ളത്. |
| (സി) നിലവിൽ കേരള ആട്ടോമൊബൈൽസിന് എന്തെങ്കിലും ഓർഡറുകൾ ലഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (സി) രാജസ്ഥാനിൽ നിലവിലുള്ള S.A Auto sales ൽ നിന്ന് 3 ലോഡ് ആട്ടോകളുടെ പ്രാരംഭ ഓർഡർ ലഭിച്ചിട്ടുണ്ട്. കൂടാതെ VSSC-യുടെ കരാർ ജോലികൾ ചെയ്യാനുള്ള ഓർഡറും ലഭിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | പുതിയ മോഡലുകൾ പുറത്തിറക്കിയും കമ്പോളത്തിൽ മത്സരിച്ചും, കേരള ആട്ടോമൊബൈൽസിനെ അതിന്റെ പ്രതാപ കാലത്തേക്ക് മടക്കികൊണ്ടുവരുന്നതിനുള്ള നടപടികൾ കൈക്കൊള്ളുമോ? | (ഡി) | പുതിയ മോഡലുകൾ പുറത്തിറക്കിയും കമ്പോളത്തിൽ മത്സരിച്ചും, കേരള ആട്ടോമൊബൈൽസിനെ അതിന്റെ പ്രതാപ കാലത്തേക്ക് മടക്കികൊണ്ടുവരുന്നതിനുള്ള നടപടികൾ കൈക്കൊള്ളാൻ ശ്രമിയ്ക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ